# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 921** **02.12.2015 - ൽ മറുപടിയ്ക്ക്**

**<u>മുല്ലപ്പെരിയാർ അണക്കെട്ട്</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**<br>**ശ്രീ. എസ്. ശർമ്മ**<br>**ശ്രീ. ജി. സുധാകരൻ**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ്** | **ശ്രീ. പി. ജെ. ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) സുരക്ഷാ ഭീഷണിയുടെ പേരിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിയന്ത്രണം കൈക്കലാക്കുകയും അതുവഴി സംസ്ഥാനത്തിന്റെ താല്പര്യത്തെ ഹനിക്കുന്നതിനുമുള്ള തമിഴ്നാടിന്റെ നീക്കം തടയുന്നതിനായി സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നോ; അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ: | (എ) മുല്ലപ്പെരിയാറിലെ അണക്കെട്ടിന്റെ സുരക്ഷക്കായി കേന്ദ്രസേനയെ നിയോഗിക്കേണ്ട യാതൊരുവിധ സാഹചര്യവും നിലനിൽക്കുന്നില്ലായെന്നും ഈ ആവശ്യത്തിനായി തമിഴ്നാട് ചൂണ്ടിക്കാട്ടിയിട്ടുള്ള കാരണങ്ങൾക്ക് അടിസ്ഥാനമില്ലെന്നും മുല്ലപ്പെരിയാർ അണക്കെട്ട് കേരളത്തിൽ സ്ഥിതിചെയ്യുന്നതിനാൽ അണക്കെട്ടിന്റെ സെക്യൂരിറ്റി സംവിധാനങ്ങൾ ഏർ പ്പെടുത്തുന്നതിനുള്ള ചുമതല സംസ്ഥാനത്തിൽ നിക്ഷിപ്തമാണെന്നും പ്രസ്തുത ചുമതല ഏറ്റെടുക്കാൻ കേരളാ പോലീസിന് പ്രാപ്തിയുണ്ടെന്നും ഇക്കാര്യത്തിലുള്ള തമിഴ്നാടിന്റെ വാദങ്ങൾ പരിഗണനാർഹമല്ലെന്നും കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. ഈ വിഷയത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വിശദമാക്കിക്കൊണ്ട് ബഹു. മുഖ്യമന്ത്രി, ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് വിശദമായ കത്ത് ലഭ്യമാക്കിയിട്ടുണ്ട്. |

(ബി) മുല്ലപ്പെരിയാർ ഡാമിന് സുരക്ഷാ ഭീഷണിയുണ്ടെന്ന് ഇന്റലിജൻസ് ബ്യൂറോ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നോ;

(സി) അണക്കെട്ടിന്റെ സുരക്ഷാ ചുമതലയുള്ള സംസ്ഥാനത്തിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ച ചൂണ്ടിക്കാട്ടിയിട്ടുണ്ടോ;

(ബി) യും (സി) യും

കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ 2014 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള തീയ്യതികളിൽ മുല്ലപ്പെരിയാർ അണക്കെട്ടിലും പെരിയാർ ഹൈഡ്രോഇലക്ട്രിക് പ്രൊജക്ടിലും നടത്തിയ സുരക്ഷാ പരിശോധനാ റിപ്പോർട്ടിന്റെ (Security Inspection Report) പകർപ്പ്, റിപ്പോർട്ട് രഹസ്യരേഖയായി സൂക്ഷിക്കണമെന്ന നിർ ദ്ദേശത്തോടെ സംസ്ഥാന ചീഫ് സെക്രട്ടറിക്കും ലഭ്യമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ സെക്യൂരിറ്റി സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുള്ള വിവിധ ശുപാർശകൾ പ്രസ്തുത റിപ്പോർട്ടിൽ ഉൾ പ്പെടുത്തിയിട്ടുണ്ട്. അണക്കെട്ടിന്റെ സുരക്ഷാ ചുമതലയുള്ള സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചയുണ്ടായതായി ഇന്റലിജൻസ് റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ മുല്ലപ്പെരിയാറിൽ സുരക്ഷാ പരിശോധന നടത്തുന്ന വിവരം സംസ്ഥാന സർക്കാരിനെയോ, ബന്ധപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥരേയോ മുൻകൂറായി അറിയിച്ചിരുന്നില്ല. സംസ്ഥാനത്തെ പ്രതിനിധീകരിച്ചുള്ള ഉദ്യോഗസ്ഥന്മാരുടെ അഭാവത്തിൽ സുരക്ഷാ പരിശോധന നടത്തിയ നടപടി ന്യായീകരിക്കത്തക്കതല്ലെന്ന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ സുരക്ഷാ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ ചുമതലകൾ ശക്തിപ്പെടുത്തുന്നതിനായി ഒരു പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ സുപ്രീംകോടതി മുമ്പാകെ സംസ്ഥാനം സ്വീകരിച്ച നിലപാട് എന്താണെന്ന് അറിയിക്കുമോ?

(ഡി)

മുല്ലപ്പെരിയാർ അണക്കെട്ടിലെ സുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച് തമിഴ്നാട് ഉയർത്തുന്ന വാദങ്ങൾ പരിഗണനാർഹമല്ലെന്നും, അണക്കെട്ടിന്റെ സുരക്ഷക്കായി കേന്ദ്രസേനയെ

നിയോഗിക്കേണ്ട യാതൊരുവിധ സാഹചര്യവും നിലനിൽക്കുന്നില്ലെന്നും തമിഴ്നാടിന്റെ അത്തരം ആവശ്യങ്ങൾ പരിഗണിക്കരുതെന്ന് കാര്യകാരണ സഹിതം വ്യക്തമാക്കിക്കൊണ്ടുമുള്ള സത്യവാങ്മൂലം സംസ്ഥാന സർക്കാർ; (ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയുമായി ബന്ധപ്പെട്ട്) ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിനായി അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച ച്ചുമതലകൾ സംസ്ഥാന നിയന്ത്രണത്തിൽ തന്നെ വേണമെന്നുള്ള ഉറച്ച നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന താല്പര്യങ്ങൾ ഹനിക്കുന്നതിനുള്ള തമിഴ്നാടിന്റെ ശ്രമങ്ങൾക്ക് അടിസ്ഥാനമില്ലായെന്ന് കാര്യകാരണ സഹിതം ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനുള്ള നിയമ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**